**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2104** **06-07-2022 - ൽ മറുപടിയ്ക്ക്**

**നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ടെന്നും ഇവിടെ സ്ഥിരമായും കോൺട്രാക്ട് അടിസ്ഥാനത്തിലും ഉള്ള ഡോക്ടർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ടെന്നും വിശദമാക്കാമോ; | (എ) | നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ 4 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്.<br>സ്ഥിരം ഡോക്ടർമാർ -2<br>എൻ.എച്ച്.എം.ഡോക്ടർ -1<br>എൽ.എസ്.ജി.ഡി.മുഖേന നിയമിച്ച ഡോക്ടർ - 1<br>ഈ കുടുംബാരോഗ്യ കേന്ദ്രത്തിൽ അനുവദിച്ചിട്ടുള്ള 2 തസ്തികകളിലും രണ്ട് സ്ഥിരം ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ സർക്കാരിൽ നിന്നും എൻ.എച്ച്.എം. - ൽ നിന്നും രണ്ട് വീതം ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ 4 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്.<br>സ്ഥിരം ഡോക്ടർമാർ -2<br>എൻ.എച്ച്.എം.ഡോക്ടർ -1<br>എൽ.എസ്.ജി.ഡി.മുഖേന നിയമിച്ച ഡോക്ടർ - 1<br>ഈ കുടുംബാരോഗ്യ കേന്ദ്രത്തിൽ അനുവദിച്ചിട്ടുള്ള 2 തസ്തികകളിലും രണ്ട് സ്ഥിരം ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. |
| (സി) | നന്നമ്പ്ര പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയപ്പോൾ എന്തെല്ലാം കൂടുതൽ സൗകര്യങ്ങളാണ് ലഭ്യമായിട്ടുള്ളത് ; എത്ര ജീവനക്കാരെ പുതുതായി നിയമിച്ചു; വിശദമാക്കാമോ; | (സി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നന്നമ്പ്ര പ്രാഥമികാരോഗ്യ കേന്ദ്രം G.O(MS) No.113/2018/H&FWD dated, 16/06/2018 പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു. കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നതിന് എൻ.എച്ച്.എം. മുഖേന 15.5 ലക്ഷം രൂപ അടിസ്ഥാന വികസനത്തിനായി അനുവദിക്കുകയും പ്രസ്തുത ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രമായതിനാൽ ഒ.പി.സമയം രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6.00 മണി |

| | | | |
|---|---|---|---|
| | | | വരെ ആക്കുകയും, ലാബ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനെ തുടർന്ന് താഴെ പറയുന്ന അഞ്ച് തസ്തികകളിൽ രണ്ടിൽ തസ്തികകൾ പുതുതായി സൃഷ്ടിച്ചും, മറ്റിടങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനം വഴി താത്കാലികമായി സ്റ്റാഫിനെ നിയമിച്ചും മെച്ചപ്പെട്ട സേവനം രോഗികൾക്കും പൊതുജനങ്ങൾക്കും നൽകി വരുന്നു.<br><br>ഡോക്ടർ - 1 (എൽ.എസ്.ജി.ഡി)<br><br>സ്റ്റാഫ് നഴ്സ് - 1 (ആർദ്രം പദ്ധതി പ്രകാരം)<br><br>ഫാർമസിസ്റ്റ് - 1 (എൽ.എസ്.ജി.ഡി)<br><br>സ്റ്റാഫ് നഴ്സ് - 1 (എൽ.എസ്.ജി.ഡി)<br><br>ലാബ് ടെക്നീഷ്യൻ - 1 (ആർദ്രം പദ്ധതി പ്രകാരം) |
| (ഡി) | നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലെ ഹെൽത്ത് ഇൻസ്പെക്ടർ, സ്റ്റാഫ് നഴ്സ് എന്നിവരുടെ ഒഴിവ് നികത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ നിലവിൽ ഒഴിവില്ല. ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ